**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 105** — **07.08.2017-ൽ മറുപടിക്ക്**

## നടിയെ ആക്രമിച്ച സംഭവം

| ചോദ്യം<br>ശ്രീ.പി.ടി.തോമസ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2017 ഫെബ്രുവരി 17-ന് രാത്രി മലയാള ചലച്ചിത്ര വേദിയിലെ പ്രശസ്ത നടിയെ ആക്രമിച്ച സംഭവത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; ഈ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) 2017 ഫെബ്രുവരി 17-ന് നടന്ന പ്രസ്തുത കുറ്റകൃത്യത്തിൽ ഗൂഢാലോചന ഇല്ലെന്നും മുഖ്യപ്രതിയുടെ ക്രിമിനൽ ബുദ്ധിയിൽ തെളിഞ്ഞ കുറ്റം മാത്രമാണിതെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അങ്ങനെ പ്രസ്താവിച്ചത്; | (ബി) പ്രസ്താവന നടത്തിയിരുന്നില്ല. |
| (സി) മുഖ്യമന്ത്രിയുടെ പ്രസ്തുത പ്രസ്താവന ഏത് പോലീസുദ്യോഗസ്ഥൻ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു; | (സി) ബാധകമല്ല. |
| (ഡി) ഇപ്പോൾ പ്രതി ചേർത്തിട്ടുള്ള ദിലീപിന് ചാലക്കുടി എം.പി.യും കൊല്ലം, പത്തനാപുരം എം.എൽ.എ.മാരും പരസ്യമായ പിന്തുണ പ്രഖ്യാപിച്ചത് സമൂഹത്തിൽ അവമതിപ്പുണ്ടാക്കിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) മുൻ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്ന് നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏതെങ്കിലും തരത്തിൽ കേസ് അന്വേഷണത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) കേസ് അന്വേഷണം നീതിപൂർവ്വമായാണ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1 മുതൽ 6 വരെയുള്ള പ്രതികൾ ക്രിമിനൽ ഗൂഢാലോചന ചെയ്ത് 17/02/2017 തീയതി ആവലാതിക്കാരിയെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി അന്യായ തടങ്കലിൽ വച്ച് വീഡിയോകളും മറ്റും മൊബൈൽഫോണിൽ പകർത്തി പ്രതികൾ ലൈംഗികമായി ഉപദ്രവിച്ച കാര്യത്തിന് ടിയാളുടെ മൊഴിപ്രകാരം രജിസ്റ്റർ ചെയ്ത കേസാണ്.

എറണാകുളം ഇൻഫോ പാർക്ക് പോലീസ് ഇൻസ്പെക്ടർ രാധാമണി രേഖപ്പെടുത്തിയ ആവലാതിക്കാരിയുടെ മൊഴി പ്രകാരം ഈ കേസിന്റെ സംഭവസ്ഥലം എറണാകുളം റൂറൽ പോലീസ് ജില്ലയിലെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18/02/2017 തീയതി ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നെടുമ്പാശ്ശേരി സബ് ഇൻസ്പെക്ടർ ക്രൈം 297/17 u/s 120(B), 342, 366, 376, 506(1), 34 IPC & 66(E) & 67(A) of IT Act ആയി FIR രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

തുടർന്ന് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ആലുവ ഡി.വൈ.എസ്.പി. ശ്രീ.കെ.ജി.ബാബുകുമാറിനെ ഈ കേസിന്റെ അന്വേഷണ ചുമതല ഏൽപ്പിച്ച പ്രകാരം അന്വേഷണം നടത്തി കേസിൽ ഉൾപ്പെട്ട 1 മുതൽ 6 കൂടിയ പ്രതികളേയും പിന്നീട് അന്വേഷണത്തിൽ കൂട്ടി ചേർക്കപ്പെട്ട 7-ാം പ്രതിയേയും അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കി ബഹുമാനപ്പെട്ട കോടതി ടി പ്രതികളെ റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച വരുന്നതുമാണ്.

തുടർന്ന് 18/04/2017 തീയതി 1 മുതൽ 7 കൂടിയ പ്രതികൾക്കെതിരെ അന്വേഷണം പൂർത്തിയാക്കി മുൻ അന്വേഷണ ഉദ്യോഗസ്ഥനായ ആലുവ ഡി.വൈ.എസ്.പി.യായിരുന്ന ശ്രീ.കെ.ജി.ബാബുകുമാർ Sec.120(B), 342, 366, 376(D), 506(1), 201, 212 & 34 IPC & Sec.66(E), 67(A) of IT Act എന്നീ വകുപ്പുകൾ പ്രകാരം കുറ്റപത്രം ബഹുമാനപ്പെട്ട അങ്കമാലി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ബഹുമാനപ്പെട്ട കോടതി CP No. 16/17 ആയി സ്വീകരിച്ചിട്ടുള്ളതുമാണ്.

ഈ കേസിൽ പ്രതികൾ മൊബൈൽ ഫോണിൽ പകർത്തിയ ആവലാതിക്കാരിയുടെ വീഡിയോ അടങ്ങുന്ന മൊബൈൽ ഫോൺ കണ്ടെടുക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും ഈ കേസിലെ ക്രിമിനൽ ഗൂഢാലോചനയെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതുള്ളതിനാലും 1 മുതൽ 7 കൂടിയ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചശേഷം ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം നടന്നു വരികയാണ്.

ഈ കേസിലെ മുൻ അന്വേഷണ ഉദ്യോഗസ്ഥനായ കെ.ജി.ബാബുകുമാർ ഡിപ്പാർട്ട്മെന്റ് വിട്ട് പോയതിനെ തുടർന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം 18/05/2017 തീയതി മുതൽ ഈ കേസിന്റെ അന്വേഷണം പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ ആയ ബൈജു പൗലോസ് ഏറ്റെടുത്ത് നടത്തി വരുന്നതുമാണ്.

തുടർന്ന് അന്വേഷണം നടത്തി 8 മുതൽ 12 കൂടിയ പ്രതികളെ അറസ്റ്റ് ചെയ്യും ഇതിലെ ക്രിമിനൽ ഗൂഢാലോചനയിൽ കൂടുതൽ പേർ പങ്കാളികളായിട്ടുണ്ടോയെന്നും ഇതിലെ കൃത്യമൊബൈൽ കണ്ടെത്തുന്നതിനായും അന്വേഷണം തുടർന്ന് വരികയാണ്.

ഈ കേസിലേയ്ക്ക് നാളിതുവരെയുള്ള അന്വേഷണത്തിൽ കുറ്റകൃത്യത്തിൽ പങ്കാളികളായിട്ടുണ്ടെന്ന് വെളിവായിട്ടുള്ളയാളുകളുടെ പേരുവിവരം താഴെ ചേർക്കുന്നു.

1) സുനിൽ @ പൾസർ സുനിൽ, 2) മാർട്ടിൻ, 3) മണികണ്ഠൻ, 4) വിജീഷ്, 5) സലിം, 6) പ്രദീപ്, 7) ചാർളി തോമസ്, 8) സനിൽ കുമാർ, 9) വിഷ്ണു, 10) വിപിൻ ലാൽ, 11) ഗോപാലകൃഷ്ണൻ @ ദിലീപ്, 12) അഡ്വ. പ്രതീഷ് ചാക്കോ, 13) അഡ്വ.രാജു ജോസഫ് മേപ്പടി 13 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

Deepak

**സെക്ഷൻ ഓഫീസർ**